പ്പുകൾ ഉൾപ്പെടുത്തി കടപ്പാവ് പോലീസ് സ്റ്റേഷനിൽ ക്രൈം 45/2000 നമ്പ രായി ഒരു കേസ് രജിസ്റ്റർചെയ്തു. സജിത്കുമാർ, പ്രകാശ് എന്നീ പ്രതികളെ 23-2-ന് അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി, ഒളിവിൽപോയ മറ്റ് അഞ്ച് പ്രതികളെ കണ്ടെത്തി അറസ്റ്റുചെയ്യുന്നതിന് ഊർജിതമായ അന്വേ ഷണം നടന്നുവരുന്നു. കേസ് അന്വേഷണത്തിൽ ഉന്നയിക്കപ്പെട്ട പരാതി കൂടി കണക്കിലെടുത്ത് അന്വേഷണം ഫലപ്രദമായി നടത്താൻ ഡി.ജി.പിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) ഈസ്റ്റർ ദിനത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ നടത്തുന്ന മൽസര പരീക്ഷ മാറ്റി വയ്ക്കണമെന്ന്

ശ്രീ. തോമസ് ചാഴികാടൻ.: സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലും അതിന്റെ സബ്സിഡിയറി ബാങ്കുകളിലും പ്രൊബേഷണറി ഓഫീസർമാരെ തെരഞ്ഞെടുക്കാനുള്ള അഖിലേന്ത്യാ മൽസര പരീക്ഷ ഈ വർഷം ഈസ്റ്റർ ദിനമായ ഏപ്രിൽ 23-ാം തീയതി നടത്തുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും കഴിഞ്ഞുവരുന്ന വിശുദ്ധ വാരത്തിലെ ഏറ്റവും പ്രധാന ദിവസമായ ഈസ്റ്റർ തിരുനാളാഘോഷിക്കുന്ന തിനുവേണ്ടി വിശ്വാസികൾക്ക് ഞായറാഴ്ച അതിരാവിലെ രണ്ടു മണിയോടു കൂടി പള്ളിയിൽ ആരാധനയ്ക്ക് സംബന്ധിക്കേണ്ടതുണ്ട്. ഇതിനെ തടസ്സപ്പെ ടുത്തുന്ന രീതിയാണ് ഈ ദിവസം പരീക്ഷ നടത്തുന്നത്. ഇതിനെപ്പറ്റി മലയാ ളമനോരമ പത്രത്തിൽ പത്തുദിവസം മുൻപ് ന്യൂസ് വന്നിരുന്നു. കോട്ടയം പട്ടണം കേരളത്തിൽ പരീക്ഷ നടത്താനുള്ള വിവിധ കേന്ദ്രങ്ങളിൽ ഒന്നാണ്. ഈസ്റ്റർ ദിവസം പരീക്ഷ നടത്തുന്നത് ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ടാ ണെന്നും പരീക്ഷാ കേന്ദ്രമായ കോട്ടയത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കിട്ടാൻ ബുദ്ധിമുട്ടുണ്ടെന്നും ലോക്കൽ ഹെഡ് ഓഫീസിനെ ബന്ധപ്പെട്ടവർ അറിയിച്ചപ്പോൾ എന്തായാലും പരീക്ഷ 23-നു തന്നെ നടത്തണമെന്നും കോട്ടയം കേന്ദ്രം റദ്ദാക്കാനും കോട്ടയത്തു പരീക്ഷ എഴുതേണ്ടവർക്ക് തിരുവ നന്തപുരത്ത് അഡീഷണൽ പരീക്ഷാ സെന്റർ തുറക്കാനും പരീക്ഷ നടത്താ നുമാണ് തീരുമാനിക്കപ്പെട്ടിട്ടുള്ളതെന്നറിയുന്നു. ഈസ്റ്റർ ദിവസം തന്നെ പരീക്ഷ നടത്തണമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യാ അധികാരികൾ വൈരാ ഗ്യബുദ്ധിയോടുകൂടി തയ്യാറെടുക്കുന്നതായി കേൾക്കുന്നു. മറ്റു വിശേഷ ദിവ സങ്ങളിലൊന്നും ഇതുപോലെയുള്ള പരീക്ഷകൾ നടത്താറില്ല. കഴിഞ്ഞ വർഷം ഇതുപോലെ പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയാഴ്ചയും കഴി ഞ്ഞുവരുന്ന ഈസ്റ്റർ ദിവസം ബാങ്കുകൾ തുറന്ന് പ്രവർത്തിക്കുന്ന ഒരു ഉത്ത രവ് വന്നിരുന്നു. അതിനെതിരായി ശക്തമായ പ്രതിഷേധമുയർന്നപ്പോൾ അതിൽനിന്നും ബാങ്ക് അധികൃതർ പിൻമാറി; ഉത്തരവ് പിൻവലിക്കപ്പെട്ടു. അതേ മാതിരി ഈ കാര്യങ്ങൾ ബഹുമാനപ്പെട്ട സർക്കാർ കേന്ദ്ര ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഈസ്റ്റർ ദിവസം പരീക്ഷ നട ത്തുന്നതു തടയാൻ വേണ്ട നിർദ്ദേശമുണ്ടാവുകയും വേണമെന്നഭ്യർത്ഥി ക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഈസ്റ്റർ ദിനമായ രണ്ടായി രാമാണ്ട് ഏപ്രിൽ മാസം 23-ാം തീയതി ഞായറാഴ്ച സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയും സബ്സിഡിയറി ബാങ്കുകളും പ്രൊബേഷണറി ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിനായി അഖിലേന്ത്യാ തലത്തിൽ മത്സര പരീക്ഷ നട ത്താൻ ചെയർമാൻ (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സെൻട്രൽ ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

ബോംബെ) തീരുമാനിച്ചിട്ടുണ്ട്. ഈ ദിവസം പരീക്ഷ നടത്തുന്നതുമൂലം അനേകം പരീക്ഷാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഈ പരീക്ഷ സൗകര്യപ്രദമായ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കാൻ കേരള ഗവൺമെന്റ് ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് കണക്കെടുപ്പ്

(ശ്രീ. നാലകത്ത് സൂപ്പി) : സർ, സംസ്ഥാന സർവ്വീസിൽ പിന്നോക്ക സമുദായങ്ങളുടെ ജാതി തിരിച്ചുള്ള കണക്ക് ശേഖരിക്കാൻ വേണ്ടി കഴിഞ്ഞ രണ്ടു മാസം മുൻപ് നിശ്ചയിച്ച നരേന്ദ്രൻ മൂന്നംഗ കമ്മിറ്റി അതിന്റെ പ്രവർത്തനം നടത്താനിരിക്കുന്നതേയുള്ളു. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ട ഒരു കാര്യമാണ്. ഈ കമ്മീഷൻ, ക്രീമീലെയർ നിശ്ചയിക്കുന്നതിന് ഏകാംഗ കമ്മീഷനായി പ്രവർത്തിക്കുന്നതാണ്. അതിന്റെ കാലാവധി കഴിഞ്ഞ് ഇപ്പോൾ കൊടുക്കാൻ പോകുകയാണ്. തുടർന്ന് 4-ാം തീയതി 5-ാം തീയതിയോടുകൂടി മറ്റേ കണക്കുകൾ പരിശോധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് കൊടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗങ്ങൾക്ക് ശ്രീ. രവീന്ദ്രൻ നായർക്കോ സാവാൻകുട്ടിക്കോ ചെയർമാനായ ജസ്റ്റീസ് നരേന്ദ്രനോ അതിന്റെ പ്രൊഫോർമ ഡീറ്റെയിൽസ് കൊടുത്തിട്ടില്ല എന്നാണ് അറിയാൻ സാധിക്കുന്നത്. ഗവൺമെന്റിൽ നിന്നാണ് അതു കൊടുക്കേണ്ടത്. അദ്ദേഹം തെളിവെടുപ്പു നടത്തുന്നുണ്ട് ആ പ്രൊഫോർമ കൊടുക്കണമെന്നു പറയാൻ കാരണം കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിക്കുകയും അങ്ങ് അതിനു മറുപടി പറയുകയും ചെയ്ത കാര്യം പബ്ലിക് സർവ്വീസ് കമ്മീഷൻ 3.3.97-ൽ ജസ്റ്റീസ് ജോസഫ് ക്രീമിലെയർ കമ്മീഷനു നൽകിയ ഒരു കത്തുണ്ടായിരുന്നു; ആ കത്തിൽ പറഞ്ഞത് പി.എസ്.സി. നിയമനങ്ങളുടെ റിക്രൂട്ട്മെന്റിൽ കാറ്റഗറി വൈസ് നിശ്ചയിച്ചുകൊടുക്കാനാണ്. അതിന്റെ കോപ്പിയുണ്ട്. അതു മാത്രമല്ല ഇന്ന രീതിയിൽ കൊടുക്കണമെന്ന ഒരു പ്രൊഫോർമ പി.എസ്.സി.ക്ക് അദ്ദേഹം കൊടുത്തിരുന്നു. അതിനെ മുഴുവൻ മറികടന്നുകൊണ്ടാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ തെറ്റായ കണക്കു കൊടുത്തത്. അതാണ് വലിയ വിവാദങ്ങൾക്ക് ഇടയായത്. ആ ഒരു തെറ്റ് ആവർത്തിക്കാതിരിക്കാൻ വേണ്ടി മുൻകൂട്ടി മുഖ്യമന്ത്രി തന്നെ ഈ കാര്യം ശ്രദ്ധിക്കുന്നതിനുവേണ്ടിയാണ് ഇത് ഉന്നയിക്കുന്നത്. മാത്രമല്ല എസ്.സി.എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഇക്കാര്യത്തിലുള്ള അസാന്നിദ്ധ്യം ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കമ്മീഷന് പ്രവർത്തിക്കാനുള്ള സൗകര്യങ്ങളില്ല. അതുപോലെ മറ്റു കാര്യങ്ങളിൽ സഹകരിക്കുന്നില്ല. അതുകൊണ്ട് പി.എസ്.സി.യിൽ ഉത്തരവാദപ്പെട്ട ആധികാരികമായി അറിയാവുന്ന ഒരാളെ സ്റ്റാഫായി നിയമിക്കണമെന്ന് ആവശ്യപ്പെട്ടു. അതിനും മറുപടിയില്ല. ഡി.ഒ.ലെറ്റർ കൊടുത്തിട്ടുപോലും മറുപടിയില്ല. ഏതു രീതിയിലുള്ള പ്രാതിനിധ്യമാണ് കണക്കിലെടുക്കേണ്ടത്, ഏത് രീതിയിലാണ് കണക്ക് ശേഖരിക്കേണ്ടത്, 25 കൊല്ലം മുൻപുള്ളതാണോ പത്തു കൊല്ലം മുൻപുള്ളതാണോ എന്നുള്ള പ്രശ്നമാണ്. കാറ്റഗറിവൈസായി എടുക്കുമ്പോൾ മെറിറ്റ് കാറ്റഗറിയിൽ കൊടുത്തതും സംവരണകാറ്റഗറിയിൽ കൊടുത്തതും വേറെ വേറെ വേണം. മുന്നോക്ക-പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേകം ഓരോ കാറ്റഗറിയിലും ഓരോ ഡിപ്പാർട്ടുമെന്റിലും ഓരോ നിയമന രീതിയിലും കിട്ടിയതും അറിയേണ്ടതുണ്ട്. ഈ മൂന്നു രീതിയിൽ അതിന്റെ കണക്ക് ശേഖരിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly